# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 422 | 08-08-2017 ലെ മറുപടിക്ക്

**ചോദ്യം**

**ശ്രീ.എം.ഉമ്മർ**

**മറുപടി**

**ഡോ.ടി.എം.തോമസ് ഐസക്**
ബഹു.ധനകാര്യവും കയറും വകുപ്പു മന്ത്രി

### ബജറ്റിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും

(എ) 2017-2018 സാമ്പത്തിക വർഷം ജൂൺ 30 വരെ ബജറ്റിൽ അനുവദിച്ച പ്രകാരമുള്ള എത്ര ശതമാനം തുക ചെലവഴിച്ചിട്ടുണ്ട്; ഓരോ ഡിമാന്റിലും ചെലവഴിച്ച തുക വിശദമാക്കാമോ;

സാമ്പത്തിക വർഷത്തിലെ വിവിധ മാസങ്ങളിലെ സംസ്ഥാനത്തിന്റെ വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം തന്നെ അക്കൗണ്ടന്റ് ജനറൽ ധനകാര്യ വകുപ്പിന് ലഭ്യമാക്കാറുണ്ട്. എന്നാൽ ട്രഷറി വകുപ്പുമായി ബന്ധപ്പെട്ട ചില സാങ്കേതിക പ്രശ്നങ്ങൾ കാരണം 2016-17 സാമ്പത്തിക വർഷം ഡിസംബർ 31 വരെയുള്ള കണക്കുകൾ മാത്രമേ നാളിതുവരെ അക്കൗണ്ടന്റ് ജനറൽ തിട്ടപ്പെടുത്തിയിട്ടുള്ളൂ. ആയതിനാൽ 2017-18 ജൂൺ 30 വരെയുള്ള കണക്കുകൾ ലഭ്യമല്ല.

(ബി) മുൻ വർഷത്തെ അപേക്ഷിച്ച് ബജറ്റിലേക്ക് എത്ര തുകയാണ് കുറവ് വന്നത്; ഓരോ ഡിമാന്റിന്റെ കണക്ക് വിശദമാക്കാമോ;

2017-18 ബജറ്റിൽ 2016-17 സാമ്പത്തിക വർഷത്തേക്കാൾ ആകെ തുകയിൽ ഒരു കുറവും വരുത്തിയിട്ടില്ല. എന്നാൽ ചില ധനാഭ്യർത്ഥനകളിൽ ആവശ്യത്തിനനുസരിച്ച് ചെറിയ കുറവ് വരുത്തിയിട്ടുണ്ട്. കുറവ് വരുത്തിയ ധനാഭ്യർത്ഥനകളും അവയുടെ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

*(തുക ആയിരത്തിൽ)*

| ധനാഭ്യർത്ഥന | ബജറ്റ് വിഹിതം 2016-17 | ബജറ്റ് വിഹിതം 2017-18 |
|---|---|---|
| IV. തെരഞ്ഞെടുപ്പുകൾ | 1365335 | 432407 |
| XXVIII. പലവക സാമ്പത്തിക സർവ്വീസുകൾ | 27624053 | 17577739 |
| XXX. ഭക്ഷ്യം | 17260297 | 15544723 |
| XXXIX. വൈദ്യുത പദ്ധതികൾ | 2008759 | 1868501 |
| XLVI.സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും | 44441674 | 44279644 |

(സി) ബജറ്റിലേക്ക് ലഭിക്കേണ്ടിയിരുന്ന പെട്രോളിയം സെസ്സ്, വാഹന നികുതി ഇനത്തിൽ എത്ര കോടി രൂപ കിഫ്ബിക്ക് നൽകിയിട്ടുണ്ട്; ഇനം തിരിച്ച് ലഭ്യമാക്കാമോ?

**കിഫ്ബിക്ക് കൈമാറിയ വിഹിതം**

*(തുക കോടിയിൽ)*

| ഇനം | 2016-17 | 2017-18 |
|---|---|---|
| പെട്രോളിയം സെസ്സ് | 448.10 | 165.00 |
| വാഹന നികുതി | 281.43 | 210.00 |

സെക്ഷൻ ഓഫീസർ